## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 630 28.02.2018 -ലെ മറുപടിക്ക്

## അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മുൻസർക്കാരിന്റെ കാലത്ത് അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നെടുമങ്ങാട് മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് കരകുളം ഗ്രാമപഞ്ചായത്തിലെ മരുതൂർ- മാഞ്ഞാംകോട് കോളനിയെയാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയത്.<br>അനുവദിച്ച പ്രവൃത്തികൾ ചുവടെ പറയുന്നു.<br>1. Reconstruction of kitchen and Boundary wall<br>2. Road work and retaining wall<br>3. Demolishing and dismantling work<br>4. Construction of two community halls<br>5. Plumbing and sanitary<br>6. park<br>7. Electrification |
| (ബി) | ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | മാഞ്ഞാംകോട് കമ്മ്യൂണിറ്റി ഹാളിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ റീട്ടെയിനിംഗ് വാൾ 132 മീറ്റർ വരെയും റോഡ് കോൺക്രീറ്റ് 127 മീറ്റർ വരെയും റോഡ് ടാറിംഗ് 180 മീറ്റർ വരെയും ചെയ്തിട്ടുണ്ട്. |
| (സി) | പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണവും വ്യക്തമാക്കുമോ; | (സി) | മരുതൂരിലെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, പാർക്ക് നിർമ്മാണം, വൈദ്യുതീകരണം, മാഞ്ഞാംകോട് റോഡ് ടാറിംഗ് എന്നീ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല. നിർവ്വഹണ ഏജൻസിയുടെ ഉദാസീനത മൂലമാണ് പ്രവൃത്തികൾക്ക് കാലതാമസം നേരിട്ടത്. |

| | | | |
|---|---|---|---|
| (ഡി) | ഇതിൽ ഏതെല്ലാം പ്രവൃത്തികളുടെ ബിൽ തുക മാറി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | സിഡ്കോയ്ക്ക് അഡ്വാൻസായി ഒന്നാം ഗഡു 25 ലക്ഷം രൂപയും ആയതിന്റെ 75% വിനിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡു 40 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ